# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2769 | 17.06.2019-ലെ മറുപടി

## ഏറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ഏറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ വളരെയേറെ കാലപ്പഴക്കം ചെന്നവയാണെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിൽ സംസ്ഥാനപദ്ധതി 2010-17-ൽ ഉൾപ്പെടുത്തി 1.35 കിലോമീറ്റർ (ജോസ്കോ ജംഗ്ഷൻ മുതൽ വെട്ടിയാർ വരെ) പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 13 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇടപ്പോൺ-പാററോഡ്, പടനിലം-പാലച്ചുവട് റോഡ്, പടനിലം-തത്ത്മുന റോഡ് എന്നി വിടങ്ങളിലെ പഴയ 23 കിലോ മീറ്റർ എ.സി പൈപ്പുകൾ മാറ്റി പീ.വി.സി.പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി 2018 -19 സംസ്ഥന പദ്ധതിയിൽ ഉൾപ്പെടുത്തി 422 .55 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ കരാർ നൽകിയത് പ്രകാരം പുരോഗമിക്കുന്നു. കൂടാതെ താമരക്കുളം പഞ്ചായത്തിൽ വച്ചക്കട ടാങ്ക് മുതൽ നെടിയാണിക്കൽ ക്ഷേത്രം വരെയുള്ള സ്ഥലത്ത് 2.5 കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി 250 മില്ലിമീറ്റർ വ്യാസമുള്ള DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 2019 -20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് ജല അതോറിറ്റി നടപടി സ്വികരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (സി) | പ്രധാന പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വിശദ മാക്കുമോ? | | |

സെക്ഷൻ ഓഫീസർ